**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2823** **13-02-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസഹായം ഉപയോഗപ്പെടുത്തി നടത്തുന്ന അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കു വേണ്ട കാപെക്സ് ഫണ്ടിനായി സർക്കാർ സമർപ്പിച്ച അപേക്ഷയിൽ വിഴിഞ്ഞം പദ്ധതിക്കു ചെലവിട്ട തുകയുടെ ബില്ലുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ "Scheme for Special Assistance to States for Capital Investment 2023-24" ൽ വിഴിഞ്ഞം പദ്ധതിക്കായുള്ള കാപെക്സ് ഫണ്ട് ലഭ്യമാക്കുന്നതിനായി 02/11/2023 ന് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുലിമുട്ട് നിർമ്മാണത്തിനായി 981.21 കോടി രൂപയും റെയിൽ കണക്ടിവിറ്റി പദ്ധതിക്കായി 100 കോടി രൂപയുമാണ് ടി പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഇപ്രകാരം ആകെ 1081.21 കോടി രൂപയാണ് വിഴിഞ്ഞം പദ്ധതിക്കായി കാപെക്സ് സ്കീമിൽ 2023-24 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന തുക. |
| (ബി) | വിഴിഞ്ഞം തുറമുഖ പദ്ധതി കരാർ പ്രകാരമുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ കേന്ദ്രഗവൺമെന്റ് ഇതുവരെ നൽകിയ തുകയും ഇനി നൽകാനുള്ള തുകയും എത്രയെന്ന് അറിയിക്കുമോ; | (ബി) | വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ അംഗീകാരം ലഭിച്ചത് ഒക്ടോബർ 2022 ലാണ്. ഇപ്രകാരം 817.80 കോടിരൂപയാണ് കേന്ദ്രസർക്കാർ വയബിലിറ്റി ഗ്യാപ് ഫണ്ട് സ്കീമിലൂടെ പദ്ധതിക്ക് ലഭ്യമാക്കുന്നത്. ഇതേവരെ തുകയൊന്നും ലഭ്യമായിട്ടില്ല. |
| (സി) | വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട നിർമ്മാണ പ്രവത്തനങ്ങൾക്കായി പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ടത്തിനു മാത്രമാണ് നിലവിൽ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുള്ളത്. രണ്ടും മൂന്നും നാലും ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രൊപ്പോസൽ ജൂൺ 2023 ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിനും VISL നും സമർപ്പിക്കുകയും തുടർ ഘട്ടങ്ങൾ ചെയ്യുന്നതിനായുള്ള പാരിസ്ഥിതികാനുമതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് പ്രകാരം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് ആഗസ്റ്റ് 2023 ൽ VISL അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. തുടർ |

| | | | |
|---|---|---|---|
| | | | ഘട്ടങ്ങൾക്ക് പാരിസ്ഥിതികാനുമതി നേടിയെടുക്കേണ്ടതിന്റെ മുന്നോടിയായി നടത്തേണ്ട പാരിസ്ഥിതികാഘാത പഠനത്തിന്റെ (EIA), Terms of Referenceന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 09/10/2023 ന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിലുള്ള പാരിസ്ഥിതികാഘാത പഠനം പുരോഗമിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ